# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1565 — 15.02.2016 ൽ മറുപടിയ്ക്ക്

## റബ്ബർ കർഷകർക്കുള്ള സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലയിടിവിനെത്തുടർന്ന് പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) സർക്കാർ റബ്ബറിന് തറവില നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;<br><br>(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ച പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ ; | (എ), (ബി) & (സി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി 25.02.2014 തീയതിയിലെ സ.ഉ.(എം.എസ്) നം.56/2014/കൃഷി പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 03.07.2015 ലെ സ.ഉ(പി) നം.269/2015/ധന പ്രകാരം 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. സംസ്ഥാനത്തെ ശരാശരി റബ്ബർ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകനും ഒരു വർഷം ഹെക്ടറൊന്നിന് 1800 കിലോഗ്രാമിൽ പരിമിതപ്പെടുത്തിയായിരിക്കും അർഹമായ സാമ്പത്തിക സഹായം നൽകുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിൽ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അഞ്ച് ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള റബ്ബർ കർഷകർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. സാമ്പത്തിക സഹായം അപേക്ഷക- നൊന്നിന് രണ്ട് ഹെക്ടർ റബ്ബർ കൃഷിക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ RSS IV, RSS V, Latex എന്നീ തരം റബ്ബറുകൾക്കാണ് സബ്സിഡി നൽകിവരുന്നത്. ഭൂനികുതി അടച്ച രസീതോ, റവന്യൂ അധികാരികൾ നൽകുന്ന കൈവശാവകാശ രേഖയുടെയോ അടിസ്ഥാനത്തിൽ കർഷകർക്ക് ഈ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ഡി) | ആയതിന് ആകെ എത്ര രൂപ ചെലവഴിച്ചു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ഡി) | സ്വാഭാവിക റബ്ബറിന് വില താഴ്ന്ന് നിന്ന സാഹചര്യത്തിൽ സ.ഉ. (എം.എസ്) നം.56/2014/കൃഷി തീയതി 25.02.2014 പ്രകാരമാണ് റബ്ബർ സംഭരണം ആരംഭിച്ചത്. ഇതിനായി 2013-14 ൽ 4 കോടി രൂപയും 2014-15 ൽ 12 കോടി രൂപയും ഉൾപ്പെടെ ആകെ 16 കോടി രൂപയാണ് പിൻവലിച്ചിട്ടുള്ളത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതിപ്രകാരം 10.02.2016 വരെ 3,94,038 സെയിൽസ് ബില്ലുകളിലായി 97.54 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഇ) | റബ്ബർ വിലയിടിവ് മൂലമുണ്ടായ സാമ്പത്തിക പ്രയാസം കാരണം കർഷകർ ഈ കാലയളവിൽ ആത്മഹത്യ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഇ) & (എഫ്) | ഈ സർക്കാർ അധികാരമേറ്റശേഷം റബ്ബർ വിലയിടിവ് മൂലമുള്ള സാമ്പത്തിക പ്രയാസം കാരണം കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (എഫ്) | ഇങ്ങനെ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തെ സഹായിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ